LIBRARY ARCHIVES Kerala Legislative Assembly

തവനൂർ മണ്ഡലത്തിലെ കടിവെള്ള പദ്ധതി

318 (3300) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ന്യൂനപക്ഷങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എത്ര രൂപയുടെ കുടിവെള്ള പദ്ധതികളാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) തവനൂർ മണ്ഡലത്തിലെ ഏതെങ്കിലും പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിന്റെ നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽ 14 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 293.45 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം ചെലവഴിച്ചുവരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽ 14 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 365.665 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും, ടി പദ്ധതികളുടക്കം 42 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 7 കോടി 80 ലക്ഷം രൂപയിൽ അനുവദിച്ച 3 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ആയതിന്റെ പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തവനൂർ മണ്ഡലത്തിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിലെ പോട്ടൂർ-പാറപ്പുറം കുടിവെള്ള പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 22 ലക്ഷം രൂപ വകയിരുത്തുകയും ആയത് പദ്ധതി നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

319 (3301) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി സെക്രട്ടേറിയറ്റിലും മറ്റ് ഓഫീസുകളിലും എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രധാനമന്ത്രിയുടെ 15 ഇന പരിപാടികളുടെ നടത്തിപ്പിനും മോണിറ്ററിംഗിനുമായി സെക്രട്ടേറിയറ്റിൽ പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ;